ഉത്തരം

(എ) സ്ഥിരം രജിസ്ട്രേഷനുള്ള 2,70,344 വ്യവസായ യൂണിറ്റുകളും 13,863 താൽക്കാലികമായി രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ യൂണിറ്റുകളും ഉണ്ട്.

(ബി, സി ആന്റ് ഡി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

12 [438] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർ, പട്ടിക ജാതി-പട്ടിക വർഗ്ഗം, വനിതകൾ തുടങ്ങിയ പ്രത്യേക വിഭാഗങ്ങളുടെ വ്യവസായ സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകുന്ന ധനസഹായം എന്തൊക്കെയാണ്;

(ബി) ഈ ധനസഹായം നൽകുന്നതിന് കൈക്കൊള്ളുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) 2003-2004 വർഷത്തിൽ ഈ ധനസഹായ ഇനത്തിൽ ഉണ്ടായ ചെലവ് എത്രയെന്ന് വിഭാഗം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം ധനസഹായത്തിനുള്ള അപേക്ഷ ഇനിയും ബാക്കിയുള്ളത് എത്രയാണ്;

(ഇ) 2002-2003 വർഷത്തിൽ ഈ ഇനത്തിൽ അനുവദിച്ചിട്ടും ചെലവഴിക്കാൻ കഴിയാതെപോയ തുക എത്രയാണ്?

ഉത്തരം

(എ) സർക്കാർ ഓഹരി പങ്കാളിത്തം മുഖേനയുള്ള ധനസഹായം, ഫർണിച്ചർ ഗ്രാന്റ്, മാനേജീരിയൽ ഗ്രാന്റ്, ട്രെയിനിംഗ് ഗ്രാന്റ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവയാണ്.

(ബി) പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിന്റെ നാലിരട്ടിയോ അഥവാ പ്രോജക്ട് കോസ്റ്റിന്റെ 40 ശതമാനമോ ഇതിൽ ഏതാണോ കുറവ് എന്നതും, പരമാവധി 2.50 ലക്ഷം രൂപ എന്നതുമാണ് ജനറൽ സൊസൈറ്റികൾക്കുള്ള ധനസഹായ മാനദണ്ഡം. വനിതാ സൊസൈറ്റികൾക്ക് പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിന്റെ

നാലിരട്ടിയോ പ്രോജക്റ്റ് കോസ്റ്റിന്റെ 75%-മോ ഇതിൽ ഏതാണോ കുറവ്, പരമാവധി പരിധി 3.50 ലക്ഷം രൂപയും പട്ടിക വിഭാഗ സൊസൈറ്റികൾക്ക് പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ നാലിരട്ടിയോ അഥവാ പ്രോജക്ട് കോസ്റ്റിന്റെ 60%-മോ ഇതിൽ ഏതാണോ കുറവ് പരമാവധി പരിധി 5 ലക്ഷം.

(സി) സർക്കാർ ഓഹരി പങ്കാളിത്തം

ആകെ തുക	:	25 ലക്ഷം രൂപ
ചെലവായത്	:	25 ലക്ഷം രൂപ
വനിതകൾ	:	1448000 രൂപ
പട്ടികജാതി-പട്ടികവർഗ്ഗം	:	1052000 രൂപ

ജനറൽ വിഭാഗത്തിന് 2003-04 വർഷം ഓഹരി പങ്കാളിത്ത ധനസഹായം നൽകിയിട്ടില്ല. വിവിധതരം ഗ്രാന്റിനത്തിൽ ജില്ലകൾക്ക് 1 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്.

(ഡി) മൊത്തം 35 ലക്ഷം രൂപ സർക്കാർ ഓഹരി പങ്കാളിത്തത്തിനും 6 ലക്ഷം രൂപ വിവിധ ഗ്രാന്റുകൾക്കും ഉള്ള അപേക്ഷകൾ ബാക്കിയുണ്ട്.

(ഇ) മുഴുവൻ തുകയും ചെലവഴിച്ചു.

രജിസ്ട്രേഷൻ ഉള്ള പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങളും പ്രാഥമിക കരകൗശല സഹകരണ സംഘങ്ങളും

13 [439] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾ എത്ര; പ്രാഥമിക കരകൗശല സഹകരണ സംഘങ്ങൾ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവ ഓരോ വിഭാഗത്തിലും ഇപ്പോൾ പ്രവർത്തിക്കുന്നവ എത്ര;

(സി) സംഘങ്ങൾ പ്രവർത്തനരഹിതമായതിനെത്തുടർന്ന് തൊഴിൽരഹിതരായവരെത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) പ്രാഥമിക വ്യവസായ സഹകരണസംഘം-2297.

LIBRARY ARCHIVES Kerala Legislative Assembly